
# സൂറ – 29 / അൽ അൻകബൂത്ത്

സൂക്തം: 56 – 60

ഒരു നാട്ടിൽ ദീനും ഈമാനും കൈവിടാതെയുള്ള ജീവിതം ദുസ്സഹമാകുമ്പോഴാണ് ഹിജ്‌റ അനിവാര്യമാകുന്നത്. അത്തരം സാഹചര്യത്തിൽ എന്തൊക്കെ ത്യജിക്കേണ്ടി വന്നാലും ദീനീജീവിതം സാധ്യമാകുന്ന സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കേണ്ടതാണ്. സ്ഥിതി അത്രത്തോളം മോശമായിട്ടില്ലെങ്കിൽ ഹിജ്‌റ നിർബന്ധമാകുന്നില്ല.



يَا عِبَادِيَ الَّذِينَ آمَنُوا إِنَّ أَرْضِي وَاسِعَةٌ فَإِيَّايَ فَاعْبُدُونِ ﴿٥٦﴾

56. എന്റെ വിശ്വാസികളായ ഇഷ്ടദാസന്മാരേ, എന്റെ ഭൂമി വിശാലമാകുന്നു. ആകയാൽ എനിക്കു മാത്രം ഇബാദത്ത് ചെയ്യുവിൻ.

**56**

يَا عِبَادِيَ الَّذِينَ آمَنُوا= എന്റെ സത്യവിശ്വാസികളായ (ഇഷ്ട) ദാസന്മാരേ

إِنَّ أَرْضِي= തീർച്ചയായും എന്റെ ഭൂമി وَاسِعَةٌ= വിശാലമായതാകുന്നു

فَإِيَّايَ= ആകയാൽ എനിക്കു മാത്രം فَاعْبُدُونِ= നിങ്ങൾ ഇബാദത്ത് ചെയ്യുവിൻ

സത്യവിശ്വാസത്തിന്റെ പേരിൽ മർദിക്കപ്പെട്ടിരുന്ന ദുർബലരായ മുസ്‌ലിംകളെയാണ് ഈ സൂക്തം സംബോധന ചെയ്യുന്നത്. ദയാവായ്പിന്റെ ശൈലിയിൽ അവരെ ഉണർത്തുകയാണ്: സത്യധർമങ്ങൾ സ്വീകരിച്ചതിന്റെ പേരിൽ ദൈവധിക്കാരികളുടെ മർദന പീഡനങ്ങൾക്കിരയാകുന്ന, എന്റെ ഇഷ്ടദാസന്മാരേ, നിങ്ങൾക്ക് ഈ നാട്ടിൽ ആദർശ ജീവിതം ദുസ്സഹമാകുന്നുവെങ്കിൽ, എന്റെ വിശാലമായ ഭൂമിയിൽ വേറെ ധാരാളം സ്ഥലങ്ങളുണ്ടല്ലോ. ദേശത്തോടും ദേശക്കാരോടും കുടുംബത്തോടുമൊക്കെ കൂറുണ്ടായിരിക്കേണ്ടതുതന്നെ. പക്ഷേ, അല്ലാഹുവല്ലാത്ത എന്തിനോടുള്ള കൂറും അല്ലാഹുവിനോടുള്ള കൂറിനു വിധേയമായിരിക്കണം. സത്യവിശ്വാസികളുടെ പ്രഥമ പരിഗണന ദീനായിരിക്കണം. ദീൻ വേണമോ ദേശം വേണമോ എന്ന ചോദ്യമുയർന്നാൽ വിശ്വാസിയുടെ നിസ്സങ്കോചമായ ഉത്തരം ദീൻ എന്നായിരിക്കണം. സത്യവിശ്വാസി ഒരു സാഹചര്യത്തിലും ഉപേക്ഷിച്ചുകൂടാത്ത അടിസ്ഥാന ധർമമാണ് ഇബാദത്ത് -ആത്യന്തികമായ കൂറും വിധേയത്വവും- അല്ലാഹുവിനു മാത്രം സമർപ്പിക്കുക എന്നത്. വിശ്വാസി അല്ലാഹുവിനോട് ചെയ്തിട്ടുള്ള ആജീവനാന്ത പ്രതിജ്ഞയാണത്. അതു പാലിക്കുന്നതിന് മറ്റെന്തും ത്യജിക്കാൻ തയാറാകണം. ഒരു സാഹചര്യത്തിലും അല്ലാഹുവല്ലാത്തവരെ ദൈവങ്ങളായി അംഗീകരിക്കുകയോ അവരുടെ അടിമത്തം സ്വീകരിക്കുകയോ ചെയ്തുകൂടാ. എന്റെ മാത്രം അടിമത്തത്തിൽ വർത്തിക്കുന്നതിനു വേണ്ടി നാടും വീടും ഉപേക്ഷിക്കേണ്ടി വരുമ്പോൾ നിങ്ങൾ ഉത്തരവാദിത്തം എന്നിലർപ്പിക്കുകയാണെന്നും എന്റെയടുക്കൽ ഒരു വിഭവത്തിന്റെയും കുറവില്ലെന്നുമുള്ള ധ്വനി കൂടിയുണ്ട് فَإِيَّايَ فَاعْبُدُونِ എന്ന വാക്യത്തിൽ.

വിശ്വാസികളോട് ദേശത്യാഗം- ഹിജ്‌റ- കൽപിക്കുന്ന സൂക്തമാണിത്. ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം ശ്രദ്ധേയമാണ്. മക്കയിൽ വിശ്വാസികളുടെ നേരെ ഖുറൈശികളുടെ മർദനം കൊടുമ്പിരികൊണ്ട കാലം. ദുർബലരായ മുസ്‌ലിംകൾക്ക് നിൽക്കക്കള്ളിയില്ലാത്ത അവസ്ഥ. ഒന്നുകിൽ വിഗ്രഹാരാധനയിലേക്കു മടങ്ങുക, അല്ലെങ്കിൽ തല്ലുകൊണ്ട് ചാവുക എന്നതായിരുന്നു കാഫിറുകൾ അവരുടെ മുന്നിൽ വെച്ച തെരഞ്ഞെടുപ്പ്. നമസ്കരിക്കുന്ന പ്രവാചകന്റെ കഴുത്തിൽ പോലും ഒട്ടകത്തിന്റെ കുടൽ

മാല കൊണ്ടുവന്നു ചാര്‍ത്തുകയുണ്ടായി. പൊറുതിമുട്ടിയ മുസ്‌ലിംകളില്‍ കുറേപേര്‍ എത്യോപ്യയിലേക്കു പലായനം ചെയ്തു. പ്രവാചകനെ വധിച്ചില്ലെങ്കിലും ഇസ്‌ലാമിന്റെ കഥ കഴിക്കണമെന്ന് ഖുറൈശികള്‍ ചിന്തിച്ചുകൊണ്ടിരുന്നു. ഈ പശ്ചാത്തലം പരിഗണിക്കുമ്പോള്‍ ഹിജ്‌റ വിശ്വാസിയുടെ ബാധ്യതയാകുന്നതെപ്പോഴാണെന്ന് വ്യക്തമാകുന്നു. ഒരു നാട്ടില്‍ ദീനും ഈമാനും കൈവിടാതെയുള്ള ജീവിതം ദുസ്സഹമാകുമ്പോഴാണ് ഹിജ്‌റ അനിവാര്യമാകുന്നത്. അത്തരം സാഹചര്യത്തില്‍ എന്തൊക്കെ ത്യജിക്കേണ്ടി വന്നാലും ദീനീജീവിതം സാധ്യമാകുന്ന സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കേണ്ടതാണ്. സ്ഥിതി അത്രത്തോളം മോശമായിട്ടില്ലെങ്കില്‍ ഹിജ്‌റ നിര്‍ബന്ധമാകുന്നില്ല. ദീനിനു വേണ്ടി ദേശം വെടിയുമ്പോള്‍ വീടും ഉപജീവനമാര്‍ഗങ്ങളും നഷ്ടപ്പെടുമെങ്കിലും ഭാവിജീവിതം അല്ലാഹുവില്‍ ഭരമേല്‍പിച്ചു പുറപ്പെടണം. ●

---

كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ۖ ثُمَّ إِلَيْنَا تُرْجَعُونَ ﴿٥٧﴾

57. എല്ലാ ജീവിയും മരണമനുഭവിക്കുന്നതാകുന്നു. പിന്നെ നിങ്ങളെല്ലാവരും നമ്മിലേക്കു തന്നെ തിരിച്ചയക്കപ്പെടുന്നു.

**57**

كُلُّ نَفْسٍ = എല്ലാ ഓരോ ജീവിയും ذَائِقَةُ الْمَوْتِ = മരണം ആസ്വദിക്കു(അനുഭവിക്കു)ന്നതാകുന്നു

ثُمَّ إِلَيْنَا = പിന്നെ നമ്മിലേക്കു തന്നെ تُرْجَعُونَ = നിങ്ങള്‍ എല്ലാവരും തിരിച്ചയക്കപ്പെടുന്നു

ഇത്തരം സന്ദര്‍ഭങ്ങളില്‍ ജീവനെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഏറെ ഉത്കണ്ഠപ്പെടുന്നതില്‍ അര്‍ഥമില്ല. ഉത്കണ്ഠപ്പെട്ടാലും ഇല്ലെങ്കിലും മരണം സുനിശ്ചിതമാണ്. അത് ഇന്നോ നാളെയോ എന്ന സമയത്തിന്റെ പ്രശ്നമേയുള്ളൂ. എല്ലാവരും അല്ലാഹു കണക്കാക്കിയ സമയത്ത് മരിച്ചുപോകും. മരിച്ചുപോകുന്നവരാരും ഇല്ലാതാകുന്നില്ല. എല്ലാവരും അല്ലാഹുവിങ്കലേക്ക് തിരിച്ചുപോവുകയാണ്. അവിടെയാണ് നിത്യജീവിതം. ഈ ജീവിതം എന്തിനുവേണ്ടി വിനിയോഗിച്ചു എന്നതിനെ ആശ്രയിച്ചിരിക്കുന്നു ആ ജീവിതത്തിന്റെ ഭാഗധേയം. യാഥാര്‍ഥ്യം ഇതായിരിക്കെ മനുഷ്യന്‍ ഈ ക്ഷണിക ജീവിതത്തിനുവേണ്ടി നിത്യജീവിതത്തെ അവഗണിക്കുന്നത് എന്തുമാത്രം മൗഢ്യമാണ്! ●

---

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَنُبَوِّئَنَّهُم مِّنَ الْجَنَّةِ غُرَفًا تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا ۚ نِعْمَ أَجْرُ الْعَامِلِينَ ﴿٥٨﴾

58. സത്യധര്‍മങ്ങള്‍ അംഗീകരിക്കുകയും സല്‍ക്കര്‍മങ്ങളാചരിക്കുകയും ചെയ്തവര്‍ക്ക് നാം ഉത്തുംഗമായ സ്വര്‍ഗീയ സൗധങ്ങളൊരുക്കിക്കൊടുക്കുന്നു. അവയുടെ കീഴിലൂടെ ആറുകളൊഴുകുന്നുണ്ടാകും. അവരതില്‍ നിത്യവാസികളാകുന്നു. കര്‍മം ചെയ്യുന്നവരുടെ പ്രതിഫലം എത്ര സൗഭാഗ്യസമൃദ്ധം!

**58**

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = (സത്യധര്‍മങ്ങള്‍) വിശ്വസിക്കുകയും സല്‍ക്കര്‍മങ്ങള്‍ ആചരിക്കുകയും ചെയ്തവര്‍

لَنُبَوِّئَنَّهُم = അവര്‍ക്ക് നാം ഒരുക്കിക്കൊടുക്കുന്നു, അവരെ നാം വസിപ്പിക്കും

مِّنَ الْجَنَّةِ غُرَفًا = സ്വര്‍ഗത്തില്‍നിന്നുള്ള ഉത്തുംഗ(മായ സ്വര്‍ഗീയ) സൗധങ്ങള്‍

تَجْرِي مِن تَحْتِهَا الْأَنْهَارُ = അവയുടെ കീഴിലൂടെ ആറുകളൊഴുകുന്നു(ണ്ടാകും)

خَالِدِينَ فِيهَا = അവരതില്‍ നിത്യവാസികളാ(കുന്നു)യ നിലയില്‍

نِعْمَ أَجْرُ الْعَامِلِينَ = കര്‍മം ചെയ്യുന്നവരുടെ പ്രതിഫലം എത്ര സൗഭാഗ്യസമൃദ്ധം!

അതായത് സത്യ ധര്‍മങ്ങളില്‍ വിശ്വസിക്കുകയും അതു താല്‍പര്യപ്പെടുന്ന കര്‍മ ജീവിതം നയിക്കുകയും ചെയ്തവര്‍ക്ക് അല്ലാഹു പരലോകത്ത് ഉന്നത സൗധങ്ങള്‍ ഒരുക്കിവെച്ചിരിക്കുന്നു. غرفة -ന്റെ ബഹുവചനമാണ് മൂലത്തിലെ غُرَف. മേല്‍തട്ടിലുള്ള മുറിയാണ് ഭാഷാര്‍ഥത്തില്‍ غُرفة. നിശ്ചിത കാര്യത്തിനുവേണ്ടി സജ്ജീകരിക്കുന്ന എല്ലാ സ്ഥലത്തെയും അതിന്റെ غرفة എന്നു പറയും.

ശയ്യാഗൃഹം غرفة النوم ആണ്. ചേംബര്‍ ഓഫ് കൊമേഴ്സിന് غرفة التجارة എന്നു പറയും. غرفة مُقاصة ക്ലിയറിംഗ് ഹൗസാണ്. غرفة الطعام ഡൈനിംഗ് ഹാള്‍. സത്യദീനിന്റെ താല്‍പര്യമനുസരിച്ച് ജീവിക്കുകയും അതിനു വേണ്ടി ത്യാഗങ്ങളനുഷ്ഠിക്കുകയും പീഡനങ്ങളനുഭവിക്കുകയും ചെയ്ത പുണ്യാത്മാക്കള്‍ വിഹരിക്കുന്ന ഉത്തുംഗമായ സ്വര്‍ഗീയ സൗധങ്ങളാണ് ഇവിടെ ഉദ്ദേശ്യം. ആ സൗധങ്ങള്‍ സര്‍വ സൗ

ഭാഗ്യ സമൃദ്ധമായിരിക്കും. ഈ പുണ്യാത്മാക്കൾ അവിടെ താൽക്കാലിക സന്ദർശകരല്ല, നിത്യവാസികളാകുന്നു. അതുല്യമായ ആനന്ദലബ്ധി തന്നെയാണത്. അതു നേടുന്നതിനുവേണ്ടിയാണ് ബുദ്ധിയുള്ളവർ പ്രയത്നിക്കേണ്ടത്. അതു ബലികഴിച്ചുകൊണ്ട് നേടേണ്ട ഒരു മഹാ സൗഭാഗ്യവും ഈ ഭൗതിക ലോകത്തില്ല. ●

---

الَّذِينَ صَبَرُوا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴿٥٩﴾

59. സഹനമവലംബിക്കുകയും അവരുടെ നാഥനിൽ ഭരമേൽപ്പിക്കുകയും ചെയ്തവരുടെ.

**59**

الَّذِينَ صَبَرُوا = സഹനമവലംബിച്ചവർ(വരുടെ)

وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ = അവർ അവരുടെ നാഥനിൽ ഭരമേൽപിക്കുന്നു(ക്കുകയും ചെയ്യുന്നവരുടെ)

മുൻ സൂക്തം പരാമർശിച്ച عَامِلِينَ -സൽക്കർമകാരികളുടെ മുഖ്യ ഗുണങ്ങൾ പ്രത്യേകം എടുത്തു പറയുകയാണ്. അല്ലാഹുവിലുള്ള സമർപ്പണവും സഹനവുമാണത്. ദീനിനു വേണ്ടി ഹിജ്റ ചെയ്യേണ്ടി വരുമ്പോൾ ഏറ്റം ആവശ്യമുള്ള ഗുണമാണതു രണ്ടും. സാരമിതാണ്: നാം ഒരുക്കിവെച്ചിട്ടുള്ള ഈ നിസ്തുലമായ കർമഫലം, സങ്കീർണമായ പ്രതികൂല സാഹചര്യങ്ങളെയും കടുത്ത പ്രതിബന്ധങ്ങളെയും സഹനശക്തി കൊണ്ടും ക്ഷമാശീലം കൊണ്ടും തരണം ചെയ്ത് നമുക്കുള്ള ഇബാദത്തിൽ അടിയുറച്ചു നിന്ന വിശിഷ്ട ദാസന്മാർക്കുള്ളതാകുന്നു. സഹനവും സമർപ്പണവുമാണ് അവരെ ഏതു പ്രതിസന്ധികളും നേരിട്ട് അല്ലാഹുവിന്റെ അടിമത്തത്തിൽ ഉറപ്പിച്ചു നിർത്തുന്നത്. അതില്ലെങ്കിൽ ഹിജ്റയും ജിഹാദുമിരിക്കട്ടെ, സ്വാഭാവികമായി നേരിടേണ്ടി വരുന്ന പ്രയാസങ്ങൾ പോലും തരണം ചെയ്യാൻ കഴിയില്ല. ●

---

وَكَأَيِّن مِّن دَابَّةٍ لَّا تَحْمِلُ رِزْقَهَا اللَّهُ يَرْزُقُهَا وَإِيَّاكُمْ ۚ وَهُوَ السَّمِيعُ الْعَلِيمُ ﴿٦٠﴾

60. എത്രയെത്ര ജീവജാലങ്ങൾ! അവയൊന്നും അവയുടെ അന്നം ചുമന്നു നടക്കുന്നില്ല. അല്ലാഹു അവക്ക് അന്നം കൊടുക്കുന്നു. നിങ്ങൾക്കും അന്നം തരുന്നത് അവൻ തന്നെ. അവൻ ഒക്കെയും കേൾക്കുന്നവനും അറിയുന്നവനുമല്ലോ.

**60**

وَكَأَيِّن مِّن دَابَّةٍ = എത്രയെത്ര ജീവജാലങ്ങൾ

لَّا تَحْمِلُ = അവ (ഒന്നും) വഹിക്കുന്നില്ല (ചുമന്നു നടക്കുന്നില്ല) رِزْقَهَا = അവയുടെ അന്നം

اللَّهُ يَرْزُقُهَا = അല്ലാഹു അവക്ക് അന്നം കൊടുക്കുന്നു وَإِيَّاكُمْ = നിങ്ങൾക്കും (അന്നം തരുന്നതവൻ തന്നെ)

وَهُوَ السَّمِيعُ الْعَلِيمُ = അവൻ (ഒക്കെയും) കേൾക്കുന്നവനും അറിയുന്നവനുമല്ലോ

അല്ലാഹുവിന്റെ ഭൂമി എവ്വിധം വിശാലമാണോ അവ്വിധം തന്നെ വിശാലമാണ് അവന്റെ അനുഗ്രഹ ഖജനാവും. അല്ലാഹുവിന്റെ മാർഗത്തിൽ ദേശത്യാഗം ചെയ്യുമ്പോൾ പൊന്നും പണവും സ്ഥാവര സ്വത്തുക്കളുമെല്ലാം കൈയൊഴിക്കേണ്ടിവരികയാണെങ്കിൽ എല്ലാം ഇട്ടെറിഞ്ഞു തന്നെ പുറപ്പെടേണം. നാളെ എന്തു തിന്നും, എവിടെനിന്നു കിട്ടും എന്നൊക്കെ ചിന്തിച്ചു ബേജാറാകേണ്ടതില്ല. കരയിലും കടലിലും വിഹായസ്സിലും വിഹരിക്കുന്ന എണ്ണമറ്റ ജന്തുജാലങ്ങളെ നോക്കൂ. അതിൽ ഒറ്റയെണ്ണവും സ്വന്തം ആഹാരവും ചുമന്നു നടക്കുന്നില്ലല്ലോ. അല്ലാഹുവാണവക്ക് ആഹാരം കൊടുക്കുന്നത്. നിങ്ങൾക്കും ആഹാരം തരുന്നത് അവൻ തന്നെ. കൃഷി ചെയ്ത് വിളവെടുത്ത് ശേഖരിച്ചു വെക്കുന്നതുകൊണ്ടു മാത്രമാണ് നിങ്ങൾക്ക് സുഭിക്ഷമായി ആഹാരം ലഭിക്കുന്നതെന്ന് കരുതേണ്ട. പക്ഷികൾക്ക് അവയുടെ ആഹാര സമ്പാദനം പഠിപ്പിച്ചതുപോലെ നിങ്ങൾക്ക് നിങ്ങളുടെ ആഹാര സമ്പാദനവും പഠിപ്പിച്ചിരിക്കുകയാണ്. വയലുകൾ വിളയുന്നത് അവൻ നിശ്ചയിച്ച പ്രകൃതി നിയമങ്ങളനുസരിച്ചാണ്. ആ നിയമങ്ങളില്ലായിരുന്നുവെങ്കിൽ യാതൊന്നും കൃഷി ചെയ്യാനോ വിളയിക്കാനോ മനുഷ്യർക്കാവില്ല. ജീവജാലങ്ങളെ സൃഷ്ടിച്ചുവിട്ട് അശ്രദ്ധനായി ഇരിക്കുകയല്ല അല്ലാഹു. അവൻ എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നുണ്ട്. എല്ലാവരുടെയും ആവലാതികൾ അവൻ കേൾക്കുന്നു. എല്ലാവരുടെയും ആവശ്യങ്ങൾ അവന്ന് നന്നായറിയാം. ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കാനുള്ള കഴിവും അധികാരവും അവന്നുണ്ട്.

ഏക ദൈവത്തിന്റെ മാത്രം അടിമയായി അടിയുറച്ചു വർത്തിക്കാൻ ആഹ്വാനം ചെയ്തുകൊണ്ട് ഈസാ (അ) നടത്തിയതായി ബൈബിൾ ഉദ്ധരിക്കുന്ന പ്രഭാഷണം ഈ സന്ദർഭത്തിൽ അനുസ്മരണീയമാകുന്നു:

'ഒരാൾക്ക് രണ്ട് യജമാനന്മാരുടെ അടിമയായിരിക്കാൻ സാധ്യമല്ല. അയാൾ ഒന്നുകിൽ ഒന്നിനെ ദ്വേഷിക്കുകയും രണ്ടാമനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒന്നാമനോടു കൂറു പുലർത്തുകയും രണ്ടാമനെ വെറുക്കുകയും ചെയ്യും. ദൈവത്തെയും മാമോനെയും ഒപ്പം സേവിക്കാൻ നിങ്ങൾക്കു സാധ്യമല്ല. അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നു: എന്തു തിന്നും, എന്തു കുടിക്കും എന്നു ജീവൻ നിലനിർത്തുന്നതിനെക്കുറിച്ചോ എന്തു അണിയും എന്ന് ശരീരത്തെക്കുറിച്ചോ ഉത്കണ്ഠാകുലരാകേണ്ട. ഭക്ഷണത്തേക്കാൾ ജീവനും വസ്ത്രത്തേക്കാൾ ശരീരവും പ്രധാനമല്ലേയോ? ആകാശത്തിലെ പറവകളെ നോക്കൂ. അവ വിതക്കുന്നില്ല, കൊയ്യുന്നില്ല; പത്തായപ്പുരകളിൽ കൂട്ടിവെക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗീയ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയേക്കാൾ വിലപ്പെട്ടവരല്ലയോ നിങ്ങൾ. ഉത്കണ്ഠപ്പെടുന്നതുകൊണ്ട് ആയുസ്സ് ഒരു മുഴമെങ്കിലും ദീർഘിപ്പിക്കാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ? പിന്നെ എന്തിനു നിങ്ങൾ വസ്ത്രത്തെച്ചൊല്ലി ഉത്കണ്ഠാകുലരാകുന്നു? വയലിലെ ലില്ലിച്ചെടികളെ നോക്കുക. അവ എങ്ങനെ വളരുന്നു? അവ അധ്വാനിക്കുന്നില്ല; നൂൽനൂൽക്കുന്നുമില്ല. എങ്കിലും ഞാൻ നിങ്ങളോടു പറയുന്നു: സർവ പ്രതാപങ്ങളും തികഞ്ഞ സോളമൻ പോലും ഇവയിൽ ഒന്നിനെപ്പോലെ വിഭൂഷിതനായിരുന്നില്ല. ഇന്നു ജീവനുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ വയൽ പുല്ലുകളെ ദൈവം ഇങ്ങനെ അണിയിച്ചൊരുക്കുന്നെങ്കിൽ അൽപ വിശ്വാസികളായ മനുഷ്യരേ, അവൻ നിങ്ങളെ അവയേക്കാൾ മെച്ചമായി അണിയിക്കയില്ലേ? അതിനാൽ ഞങ്ങൾ എന്തു തിന്നും, ഞങ്ങൾ എന്തു കുടിക്കും, ഞങ്ങൾ എന്ത് ഉടുക്കും എന്നെല്ലാം പറഞ്ഞ് നിങ്ങൾ ആകുലരാകരുത്. കാരണം വിജാതീയരാണ് ഇവയെല്ലാം തേടുന്നത്. നിങ്ങൾക്ക് ഇവയെല്ലാം ആവശ്യമുണ്ടെന്ന് നിങ്ങളുടെ സ്വർഗീയ പിതാവിന് അറിയാം. നിങ്ങൾ ആദ്യം അവന്റെ രാജ്യവും അവന്റെ നീതിയും തേടുക. അങ്ങനെയെങ്കിൽ ഇവയൊക്കെയും കൂടി നിങ്ങൾക്കു നൽകപ്പെടും. അതിനാൽ നാളെയെപ്പറ്റി ആകുലപ്പെടേണ്ട. നാളെതന്നെ നാളെയുടെ കാര്യം നോക്കിക്കൊള്ളും. അതതു ദിവസത്തിന് അന്നന്നത്തെ ക്ലേശങ്ങൾ ധാരാളം മതി' (മത്തായി 6: 24-34).

ബൈബിൾ വിശദമായി അവതരിപ്പിച്ച ആശയത്തിന്റെ അകക്കാമ്പ് ഒറ്റ സൂക്തത്തിൽ അവതരിപ്പിച്ചിരിക്കുകയാണ് ഖുർആൻ.

●